**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 768** **14-01-2021 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പമന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന തേര ആദിവാസികോളനിയുടെ നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | തേര കോളനിയിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തികളിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളിൽ 3 കിണറുകളുടെ നിർമ്മാണം ഭാഗീകമായി പൂർത്തിയായിട്ടുണ്ട്. |
| (ബി) | തേര കോളനി നവീകരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (ബി) | തേര കോളനി നവീകരണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു. 1. കുടിവെള്ള പദ്ധതി (നിലവിലുള്ള കുളം സൈഡ് കെട്ടി സംരക്ഷിച്ച്, താഴ്ചകൂട്ടി, ചെളി കോരി വൃത്തിയാക്കുക, പുതിയതായി 5 കിണറുകൾ താഴ്ത്തി ഭിത്തി കെട്ടി കപ്പി, കയർ മുതലായവ സ്ഥാപിക്കൽ) - 8,50,000/-രൂപ 2. റോഡ് പുനരുദ്ധാരണം (ഫോറസ്റ്റ് ഏരിയയിൽ വളവുകൾ ഉള്ളഭാഗത്ത് കോൺക്രീറ്റ് ചെയ്യുന്നതിനും, കയറ്റവും ഇറക്കവും ഉള്ള ഭാഗങ്ങളിൽ വീൽ ട്രാക്ക് മാത്രം കോൺക്രീറ്റ് ചെയ്യുകയും ചെയ്യുന്നതിന്) - 30,00,000/-രൂപ 3. കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണവും എക്സ്റ്റൻഷനും - 15,00,000/-രൂപ 4. ബാംബൂ ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റ്, കെട്ടിട നിർമ്മാണം (വർക്ക് ഷെഡ്) - 20,00,000/-രൂപ 5. കാർഷിക ഉപകരണങ്ങളും വിത്ത്, വളം മുതലായവയുടെ വിതരണവും - 10,00,000/-രൂപ 6. കമ്മ്യൂണിറ്റി ഹാൾ ഫർണ്ണീച്ചർ (50 കസേര, 3 മേശ, സോളാർ പവർ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ടി.വി.സെറ്റ്) - 4,00,000/-രൂപ 7. ഹെൽത്ത് സർവ്വേയും, ഹെൽത്ത് കാർഡ് വിതരണവും - 1,00,000/-രൂപ 8. കമ്മ്യൂണിറ്റി ഹാളിനോട് ചേർന്ന് പുതിയ കക്കൂസ്, യൂറിനൽ എന്നിവ നിർമ്മാണം - 7,50,000/-രൂപ 9. ശുചിത്വ കക്കൂസ് നിർമ്മാണം - 4,00,000/-രൂപ ആകെ - 1,00,00,000/-രൂപ (ഒരു കോടി രൂപ മാത്രം) |

| | | | |
|---|---|---|---|
| (സി) | ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായെന്ന് അറിയിക്കുമോ; അവശേഷിക്കുന്ന ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ; | (സി) | ടി പദ്ധതിയിൽ ഉൾപ്പെട്ട കുടിവെള്ള പദ്ധതിയിൽ 3 കിണറുകളുടെ നിർമ്മാണം ഭാഗീകമായി പൂർത്തിയായിട്ടുണ്ട്. തേര കോളനിയിലേക്കുള്ള റോഡ് നിർമ്മിക്കുന്നതിന് വനം വകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്. |
| (ഡി) | കോളനി നവീകരണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ; | (ഡി) | കോളനി നവീകരണം 2020-21 സാമ്പത്തിക വർഷം പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | ഈ സർക്കാരിന്റെ കാലയളവിൽ തന്നെ കോളനി നവീകരണം പൂർത്തീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | കോളനി നവീകരണം 2020-21 സാമ്പത്തിക വർഷം പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ